# കേരള സർവകലാശാല

നം.പി.ആർ.190/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി സ്പോട്ട് അഡ്മിഷൻ (2017-17)
### (എസ്.സി/എസ്.ടി വിഭാഗക്കാർക്ക് മാത്രം)

കേരള സർവകലാശാലയുടെ കീഴിലുള്ള ഗവ/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.ടി കോളേജുകളിലെ എം.എ, എം.എസ്സി, എം.കോം കോഴ്സുകളിൽ നിലവിൽ ഒഴിവുള്ള എസ്.സി/എസ്.ടി വിഭാഗം സീറ്റുകളിലേക്ക് ഒക്ടോബർ 18-ന് (18.10.2016) പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. രാവിലെ ഒമ്പത് മണിമുതൽ 11 മണി വരെ സെനറ്റ് ഹാളിൽ ഹാജരായി രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും റാങ്ക് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തും. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ സ്പോട്ട് അഡ്മിഷനു ശേഷം ഒഴിവുവരുന്ന സീറ്റുകൾ പട്ടികജാതി (എസ്.സി) വിഭാഗത്തിലേക്ക് മാറ്റപ്പെടും. ജാതി തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ഹാജരാക്കിയാൽ മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും നിർബന്ധമായും ഹാജരാക്കണം. നിശ്ചിത അഡ്മിഷൻ ഫീസായ 110/- രൂപ അന്നുതന്നെ ഒടുക്കേണ്ടതാണ്.

### എം.എ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ (ഫൈനൽ) പരീക്ഷയുടെ വൈവ ഒക്ടോബർ 18 മുതൽ നവംബർ 15 വരെ കൊല്ലം കെ.യു.സി.ടി.ഇ, പാളയം എസ്.ഡി.ഇ എന്നിവിടങ്ങളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും പ്രോജക്ടിന്റെ ഒരു പകർപ്പും സഹിതം ഹാജരാകണം.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷ : പുതുക്കിയ തീയതി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് 17-ന് തുടങ്ങാനിരുന്നതും മാറ്റിവെച്ചതുമായ രണ്ടാം വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ റഗുലർ ആൻഡ് സപ്ലിമെന്ററി - പുതിയ സ്കീം & പഴയ സ്കീം പരീക്ഷകൾ ഒക്ടോബർ 25 മുതൽ മുൻ നിശ്ചയിച്ച പ്രകാരമുള്ള കേന്ദ്രങ്ങളിൽ പരീക്ഷ നടത്തും. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിലും മാറ്റമില്ല. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി പ്രവേശനം

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലേയും യൂണിവേഴ്സിറ്റി കോളേജിലേയും എം.ഫിൽ (2016-17) പ്രോഗ്രാമിലേക്കുള്ള പ്രവേശനം കേരള സർവകലാശാലയിലെ പഠനവകുപ്പുകളിൽ ഒക്ടോബർ 17-നും യൂണിവേഴ്സിറ്റി കോളേജിലെ പഠനവകുപ്പുകളിൽ ഒക്ടോബർ 18-നും നടത്തും. പ്രവേശനത്തിന് തെരഞ്ഞെടുത്തിട്ടുള്ളവർ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) നിന്ന് ലോഗിൻ ചെയ്ത് കിട്ടുന്ന ഹോം പേജിൽ നിന്നും അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്യണം. മെമ്മോയിൽ പറഞ്ഞിരിക്കുന്ന രേഖകളുമായി നിർദ്ദേശിച്ചിട്ടുള്ള വകുപ്പിൽ/കോളേജിൽ കൃത്യസമയം ഹാജരാകണം.

## പി.ജി.ഡി.ജി.ഐ.എസ്.ടി പ്രവേശനം

കേരള സർവകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ - സ്പെഷ്യൽ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജിയിൽ പി.ജി ഡിപ്ലോമ ഇൻ ജിയോ-ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി കോഴ്സിന് 2016-17 ലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 31. വിശദവിരങ്ങൾ വെബ്സൈറ്റിൽ (http://www.cgist.ac.in) ലഭിക്കും.

## ബി.ബി.എ ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ഒന്നാം സെമസ്റ്റർ ബി.ബി.എ (2015 - റഗുലർ, 2014 & 2013 സ്കീം - ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് : സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം സെന്റർ ഫോർ ട്രാൻസലേഷൻ ആൻഡ് ട്രാൻസ്ലേഷൻ സ്റ്റഡീസ് നടത്തുന്ന ഒരുവർഷ ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് കോഴ്സിന് (രണ്ട് സെമസ്റ്റർ) സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അപേക്ഷാഫീസായ 200 രൂപയും ഒന്നാം സെമസ്റ്റർ ഫീസായ 6200/- രൂപയും സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളുമായി (പകർപ്പുകൾ സഹിതം) നേരിട്ട് കാര്യവട്ടം കാമ്പസിലെ സെന്റർ ഫോർ ട്രാൻസലേഷൻ സ്റ്റഡീസ് ആർട്ട്സ് ബ്ലോക്കിൽ ഒക്ടോബർ 21 രാവിലെ 11 മണിക്ക് ഹാജരാകണം. ഏതെങ്കിലും വിഷയത്തിൽ 50% മാർക്കോടുകൂടിയ അംഗീകൃത ബിരുദമാണ് അടിസ്ഥാന യോഗ്യത. എന്നാൽ അപേക്ഷകർ ഹിന്ദി ഐച്ഛികമായി പഠിച്ചിട്ടുള്ളവരോ ഹിന്ദി മാതൃഭാഷയായിട്ടുള്ളവരോ 10, പ്ലസ് ടു തലത്തിലോ മുകളിലോ ഹിന്ദി മാധ്യമത്തിൽ പഠിച്ചിട്ടുള്ളവരോ, ഹിന്ദി പ്രചാര സഭപോലുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സർട്ടിഫിക്കറ്റ്/ഡിപ്ലോമ കരസ്ഥമാക്കിയവരോ ബിരുദതലത്തിൽ ഹിന്ദി രണ്ടാം ഭാഷയായി പഠിച്ചിട്ടുള്ളവരോ ആയ ബിരുദധാരികൾ ആയിരിക്കണം. ഫോൺ. 9349439544.

<u>എൽ.എൽ.ബി ഫലം</u>

കേരള സർവകലാശാല മേയിൽ നടത്തിയ മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 11 വരെ അപേക്ഷിക്കാം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
14.10.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098